# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കോളേജ്, പടന്നക്കാട്
പടന്നക്കാട് (പി.ഒ), കാസറഗോഡ് ജില്ല, പിൻ-671314, കേരളം

ഫോൺ: 91 467 2282699, 91 467 2280616, E-mail: coapad@kau.in

നമ്പർ: COAPAD/3005/2025-C2 തീയ്യതി: 07-10-2025

### ദർഘാസ്/ലേല പരസ്യം

പടന്നക്കാട് കാർഷിക കോളേജിന് കീഴിലുള്ള ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-II (കരുവാച്ചേരി ഫാം) -ൽ നിന്ന് 2 പശുക്കളെയും (ഇറച്ചി വിലയ്ക്ക്) 5 കാളകുട്ടികളെയും ലേല വ്യവസ്ഥകൾക്ക് വിധേയമായി വിൽക്കുന്നു. കന്നുകാലികളുടെ നമ്പർ, ഇനം, സവിശേഷത മുതലായവ ചുവടെ കൊടുത്തിരിക്കുന്നു.

1. ഇറച്ചി വിലയ്ക്ക് വിൽക്കുന്ന പശുക്കൾ

| ക്രമ നം | ടാഗ് നമ്പർ | ഇനം, സവിശേഷത | പ്രായം | നിലവിലെ തൂക്കം (കി.ഗ്രാം) |
|---|---|---|---|---|
| 1. | 105308719448 | ക്രോസ് ബ്രീഡ് (പെൺ) | 7 വർഷം | 321 |
| 2. | 420044880305 | ക്രോസ് ബ്രീഡ് (പെൺ) | 7 വർഷം | 324 |

2. വിൽക്കുന്ന കാളകുട്ടികൾ

| ക്രമ നം | Dam നമ്പർ | ഇനം, സവിശേഷത | പ്രായം | നിലവിലെ തൂക്കം (കി.ഗ്രാം) |
|---|---|---|---|---|
| 1. | Calf of 420059645020 | ക്രോസ് ബ്രീഡ് (ആൺ) | 8 മാസം | 93 |
| 2. | Calf of 102906004472 | ക്രോസ് ബ്രീഡ് (ആൺ) | 2 മാസം | 55 |
| 3. | Calf of 420059644983 | ക്രോസ് ബ്രീഡ് (ആൺ) | 3 മാസം | 70 |
| 4. | Calf of 420059712476 | ക്രോസ് ബ്രീഡ് (ആൺ) | 3 മാസം | 77 |
| 5. | Calf of 420059712512 | ക്രോസ് ബ്രീഡ് (ആൺ) | 5 മാസം | 90 |

ദർഘാസ്/ലേല വിൽപ്പനയിൽ പങ്കെടുക്കുന്നവർ 1,500/- രൂപ നിരതദ്രവ്യം കെട്ടിവെയ്ക്കേണ്ടതാണ്. മുദ്രവെച്ച ദർഘാസുകൾ പടന്നക്കാട് കാർഷിക കോളേജിൽ സ്വീകരിക്കുന്ന **അവസാന തീയതി 17.10.2025 രാവിലെ 11.00 മണി വരെ** ആണ്. സമർപ്പിക്കുന്ന ദർഘാസിൽ ഓരോ കന്നുകാലിയുടെയും നമ്പറിന് നേരെ വില പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. **"പടന്നക്കാട് കാർഷിക കോളേജിൻറെ കീഴിലുള്ള കരുവാച്ചേരി ഫാമിലെ കന്നുകാലികകളെ ലേലം ചെയ്യുന്നതിനുള്ള ദർഘാസ്"** എന്ന് കവറിനു പുറത്ത് വ്യക്തമായി എഴുതിയിരിക്കണം.

ദർഘാസ് സ്വീകരിക്കുന്നതിൻറെ അന്നേ ദിവസം **11.30 മണിക്ക്** ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-II (കരുവാച്ചേരി ഫാം) -ൽ വെച്ച് പരസ്യലേലം നടത്തുന്നതാണ്.

പരസ്യലേലത്തിൽ ദർഘാസ് നൽകിയവർക്കു മാത്രമേ പങ്കെടുക്കുവാൻ അവസരം ലഭിക്കുകയുള്ളു. പരസ്യലേലത്തിൽ ഓരോ വിളിയിലും കുറഞ്ഞത് നൂറു രൂപയെങ്കിലും കൂട്ടി വിളിക്കേണ്ടതാണ്. പരസ്യലേലത്തിൽ ഏറ്റവും കൂടിയ നിരക്ക് കിട്ടിക്കഴിഞ്ഞാൽ ലഭിച്ച ദർഘാസുകൾ തുറന്നു പരിശോധിക്കുന്നതും ദർഘാസിലും ലേലത്തിലും ഏതിലാണോ ഏറ്റവും കൂടിയ നിരക്ക് വന്നത് ആയത് സ്വീകരിക്കുന്നതുമാണ്.

ദർഘാസ്/ലേല നിരക്കുകൾ തൃപ്തികരമല്ലെങ്കിൽ തിരസ്ക്കരിക്കുവാനുള്ള പൂർണ്ണ അധികാരം ഡീനിൽ നിക്ഷിപ്തമാണ്. ദർഘാസ്/ലേല നടപടികൾ പൂർത്തിയായതിനു ശേഷം മാത്രമേ ദർഘാസ് സമർപ്പിച്ചവർ/ലേലത്തിൽ പങ്കെടുത്തവർ ലേല സ്ഥലം വിട്ടുപോകാൻ പാടുള്ളു. വിജയിയായ ദർഘാസുകാരൻ/ ലേലക്കാരൻ അപ്പോൾ തന്നെ മൊത്തം തുകയുടെ മൂന്നിലൊരു ഭാഗം ഓഫീസിൽ അടക്കേണ്ടതും, ബാക്കി തുക മൂന്നു ദിവസത്തിനകം അടച്ച് കന്നുകാലികളെ സ്വന്തം ചെലവിൽ കൊണ്ടുപോകേണ്ടതുമാണ്.

ദർഘാസ്/ലേല വിൽപ്പന റദ്ദാക്കുവാനോ മാറ്റിവെയ്ക്കുവാനോ ഉള്ള അധികാരം ഡീനിൽ നിക്ഷിപ്തമാണ്. തൽ സംബന്ധിയായ ഡീനിൻറെ തീരുമാനം അന്തിമമായിരിക്കും.. ലേല ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തിദിവസം ഇതേ നിബന്ധനകൾക്ക് വിധേയമായി ദർഘാസ്/ ലേലം നടത്തുന്നതാണ്. ദർഘാസ്/ലേലം സംബന്ധിച്ച എല്ലാവിധ സർക്കാർ/സർവ്വകലാശാല നിബന്ധനകളും ഇതിനും ബാധകമാണ്.

ലേലം ചെയ്ത് വിൽക്കാനുദ്ദേശിക്കുന്ന കന്നുകാലികളെ ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർക്ക് ഫാം പ്രവൃത്തി ദിവസങ്ങളിൽ വന്ന് കാണാവുന്നതാണ്. മറ്റു വിശദ വിവരങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കാവുന്നതാണ്.

**Dr. Sajitha Rani T**
**DEAN**

പകർപ്പ്:-

1. നോട്ടീസ് ബോർഡ് (കോളേജ്/ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I & II)
2. വില്ലേജ് ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട് സൗത്ത്)
3. നഗരസഭാ ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട്)
4. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട്
5. കോളേജ് വെബ്സൈറ്റ്
6. ഡോ. മണികണ്ഠൻ എൻ, അസിസ്റ്റന്റ് പ്രൊഫസർ & ഇൻസ്ട്രക്ഷണൽ യൂണിറ്റ്-II-ന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ
7. ശ്രീമതി. രേഖ എം., ഫാം മാനേജർ ഗ്രേഡ്-I,ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്–I & II
8. D2 COAPAD സെക്ഷൻ

//അംഗീകാരത്തോടെ അയക്കുന്നത്//

Signed by
Sudhir C
Date: 08-10-2025 14:11:45
സെക്ഷൻ ഓഫീസർ